പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 7180 | 3.11.2011-ൽ മറുപടിയ്ക്ക്

## ആസൂത്രണ വകുപ്പിന്റെ നവീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ജി. സുധാകരൻ | | ശ്രീ. കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി) | |
| (എ) | കേരളത്തിലെ ആസൂത്രണ ബോർഡ്, മന്ത്രിമാരുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും അധികാരങ്ങൾ ചിലപ്പോൾ കൈയാളുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത് ആവർത്തിക്കാതിരിക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ജനപ്രതിനിധികളായ ഭരണാധികാരികളും ജനകീയ സമിതികളും ചർച്ച ചെയ്ത് നടപ്പാക്കേണ്ട കാര്യങ്ങളുടെ നിർവ്വഹണ രീതി ആസൂത്രണ വിഭാഗം വിശദീകരിച്ച് നിബന്ധനകൾ വയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആസൂത്രണ വിഭാഗം അടിസ്ഥാന തത്വങ്ങൾ രൂപീകരിച്ച് അതിന് ജനകീയ പരിചയം കൂടി കണക്കിലെടുത്ത് നിർവ്വഹണം നടത്തുകയെന്ന രീതി സ്വീകരിക്കുമോ ; | (ബി) | ജനപ്രതിനിധികളായ ഭരണാധികാരികളും ജനകീയ സമിതികളും ഒത്തു ചേരുന്ന ജില്ലാ ആസൂത്രണ സമിതി പോലുള്ള സമിതികളിൽ ചർച്ച ചെയ്ത് നടപ്പിലാക്കേണ്ട കാര്യങ്ങളുടെ നിർവ്വഹണ രീതി സംബന്ധിച്ച് ആസൂത്രണ വിഭാഗം നിബന്ധനകളൊന്നും തന്നെ വച്ചിട്ടില്ല. അടിസ്ഥാന തത്വങ്ങൾ രൂപീകരിച്ച് അതിന് ജനകീയ പരിചയം കൂടി കണക്കിലെടുത്ത് നിർവ്വഹണം നടത്തുകയെന്ന രീതി ആവശ്യമെന്നു കണ്ടാൽ സ്വീകരിക്കും. |
| (സി) | ബജറ്റിൽ നിശ്ചയിച്ച് അംഗീകരിച്ച ശേഷം നിർവ്വഹണത്തിന്റെ ഫയലുകൾ ആസൂത്രണ വിഭാഗത്തിന് നൽകുന്ന ഇപ്പോഴത്തെ രീതി കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത് ; ഇതിന് മാറ്റം വരുത്തുവാൻ ഉദ്ദേശമുണ്ടോ ; | (സി) | ഭരണാനുമതിക്കു വേണ്ടിയാണ് ഇപ്രകാരം ചെയ്യുന്നത്. ഇതിന് മാറ്റം വരുത്തുവാൻ ഉദ്ദേശമില്ല. |
| (ഡി) | ആസൂത്രണ വിഭാഗത്തിൽ 2006-2011 കാലത്തെ എത്ര പദ്ധതികളാണ് ഇപ്പോൾ തീരുമാനമാകാതെ കെട്ടികിടക്കുന്നത് ? | (ഡി) | വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ